പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 551

27.10.2016 -ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.വി. ജോയി<br>ശ്രീ. കെ.ദാസൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പഞ്ഞ മാസങ്ങളിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പഞ്ഞമാസമൊഴികെയുള്ള കാലയളവുകളിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിച്ച തുകയടക്കം 3 ഇരട്ടി തുകയാണ് സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ അനുവദിക്കുന്നത്. 2015-16 വർഷം പദ്ധതിയിൽ അംഗമായിട്ടുള്ളത് 1,83,851 ഗുണഭോക്താക്കളാണ്. ഇവർക്ക് 2700/- രൂപ വീതം സമാശ്വാസത്തിന് മൊത്തം 33.10 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ടി തുകയുടെ കേന്ദ്രവിഹിതം 16.55 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്ന് reimburse ചെയ്യുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി കേന്ദ്രവിഹിതം (ബ്ലൂ റവല്യൂഷൻ പ്രകാരം) 1500 രൂപ ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിലെ കണക്കുപ്രകാരം 1,83,851 മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യംനൽകുന്നതിനായി 2017-18 വർഷം 55.16 കോടി രൂപ ആവശ്യമായി വരും. ഇതിനായി 27.58 കോടി രൂപ ബ്ലൂ റവല്യൂഷൻ പ്രകാരം കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകേണ്ടതുണ്ട്. ഹൈദരാബാദിലെ എൻ.എഫ്.ഡി.ബി.യിൽ കേന്ദ്രസർക്കാർ നടത്തിയ പ്രോജക്ട് അംഗീകാര ശിൽപശാലയിൽ സംസ്ഥാനത്തിന് സമ്പാദ്യ-ആശ്വാസ പദ്ധതിയിൽ കേന്ദ്രവിഹിതമായി 2 കോടി രൂപ മാത്രമെ |

| | | | |
|---|---|---|---|
| | | | അനുവദിക്കാനാവുകയുള്ളൂ എന്ന നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത് എങ്കിലും; 2016-17 പദ്ധതി പ്രകാരം 2017-18 വർഷം ആനുകൂല്യം നൽകുന്നതിനായി പദ്ധതി നിർവ്വഹണം ഉടൻ ആരംഭിക്കുന്നതിനായുള്ള പ്രൊജക്ട് പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ കേന്ദ്രവിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | 2016-17 വർഷം നിർവ്വഹണം പൂർത്തിയായി കഴിഞ്ഞ പദ്ധതിയിൽ 1,83,851 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയും 33.10 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുകയും ചെയ്തു. പദ്ധതിയുടെ 50% കേന്ദ്രവിഹിതമായ 16.55 കോടി, കേന്ദ്ര സർക്കാരിൽ നിന്ന് reimburse ചെയ്ത് ലഭ്യമാകുന്നതിനായി പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷം 200 ലക്ഷം മാത്രമേ കേന്ദ്ര സർക്കാർ, പദ്ധതിക്കായി സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ